**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3001** **10-03-2025 - ൽ മറുപടിയ്ക്ക്**

**സീപ്ലെയിൻ പദ്ധതി മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | നിർദിഷ്ട സീപ്ലെയിൻ പദ്ധതിയെ സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്കുള്ള ആശങ്കകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകത പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | വിനോദ സഞ്ചാര വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | കാലാവസ്ഥാ വ്യതിയാനവും വർദ്ധിച്ച മാലിന്യ പ്രശ്നങ്ങളും മൂലം അനുദിനം കുറഞ്ഞുവരുന്ന ഉൾനാടൻ മത്സ്യ സമ്പത്തിന്റെ സുസ്ഥിരത നിലനിർത്തുന്നതിനും മത്സ്യത്തൊഴിലാളികളുടെ ഉപജീവനം ഉറപ്പാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ; | (ബി) | ഉൾനാടൻ മത്സ്യ സമ്പത്തിന്റെ സുസ്ഥിരത നിലനിർത്തുന്നതിനും മത്സ്യത്തൊഴിലാളികളുടെ ഉപജീവനം ഉറപ്പാക്കുന്നതിനും വേണ്ടി ഫിഷറീസ് വകുപ്പ് മുഖേന ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>2022 വർഷം മുതൽ നടപ്പിലാക്കുന്ന 'ഉൾനാടൻ ജല ആവാസ വ്യവസ്ഥയിൽ സംയോജിത മത്സ്യ വിഭവ പരിപാലനം (Integrated Fishery Management in Inland Aquatic Ecosystem) യുടെ ഭാഗമായി 2022-24 വർഷങ്ങളിലായി 8 ജില്ലകളിലായി പദ്ധതി നടപ്പിലാക്കി. പ്രതിവർഷം 164 ലക്ഷം കാർപ്പ്, ചെമ്മീൻ, കരിമീൻ കുഞ്ഞുങ്ങളെ വാമനപുരം, അഷ്ടമുടി, വേമ്പനാട്, കരുവന്നൂർ-ചേറ്റുവ, കടലുണ്ടി, കുറ്റ്യാടി, ധർമടം-അഞ്ചരക്കണ്ടി എന്നീ ജലാശയങ്ങളിൽ നിക്ഷേപിക്കുകയും വേമ്പനാട്, അഷ്ടമുടി കായലുകളിലും വാമനപുരം നദിയിലും 41 മത്സ്യ/കക്ക സംരക്ഷിത പ്രദേശങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിക്ക് ഈ സാമ്പത്തിക വർഷം 136 ലക്ഷം രൂപ വകയിരുത്തുകയും നാളിതു വരെ 137.25 ലക്ഷം മത്സ്യ /ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ജലസംഭരണികളിലെ മത്സ്യ കൃഷി പദ്ധതി പ്രകാരം സംസ്ഥാനത്തെ 12 റി സർവോയറുകളിൽ വർഷം തോറും 78-80 ലക്ഷം വരെ മത്സ്യക്കുഞ്ഞുങ്ങളെ |

| | | | |
|---|---|---|---|
| | | | നിക്ഷേപിച്ചു വരുന്നു. ഇത് വഴി അയ്യായിരത്തിലധികം എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്ക് തൊഴിൽ നൽകാനും മുൻ വർഷം 4172 മെട്രിക് ടൺ മത്സ്യം ഉൽപ്പാദിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.<br><br>പൊതു ജലാശയങ്ങളിലെ മത്സ്യയിനങ്ങളെ സംരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും അതുവഴി പ്രാദേശിക മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി ഫിഷ് സ്റ്റോക്ക്, എൻഹാൻസ്മെൻറ് പ്രോഗ്രാം (റാഞ്ചിംഗ്) പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (സി) | സംസ്ഥാനത്ത് കായലുകളിലും തടാകങ്ങളിലും ടൂറിസം വികസനത്തിന്റെ ഭാഗമായി സീപ്ലെയിൻ ലാൻഡ് ചെയ്യുന്ന സാഹചര്യത്തിൽ മത്സ്യ സമ്പത്തിന്റെ പ്രജനന കേന്ദ്രങ്ങളുടെ നിലനിൽപ്പിനെയും മറ്റു ജലജീവികളുടെ സുസ്ഥിരതയെയും അതിജീവനത്തേയും ബാധിക്കുമോ എന്നത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (സി) | വിനോദ സഞ്ചാര വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | സീപ്ലെയിൻ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്കുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് മത്സ്യത്തൊഴിലാളി സംഘടനകളുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ? | (ഡി) | വിനോദ സഞ്ചാര വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ